"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ആസ്ബസ്റ്റോസ്, റ്റിൻ ഷീറ്റുകൾ ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുള്ള സംസ്ഥാനത്തെ സ്കൂളുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് സാവകാശം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.594/2022/LSGD  തീയതി,തിരുവനന്തപുരം, 11-03-2022

---

പരാമർശം:- 1 സഉ (കൈ) നം.162/19/പൊവിവ തീയതി 09.10.2019.

2. 17.10.2019-ലെ ഇപിഎ4/302/19/തസ്വഭവ നം. സർക്കാർ കത്ത്.

3. സഉ (സാധാ) നം.2182/21/തസ്വഭവ തീയതി 02.11.2021.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ മേൽക്കൂരകളോടുകൂടി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിൽ നിന്നും ആയവ ഉത്തരവ് തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ നീക്കം ചെയ്ത് പകരം അനുയോജ്യമായ മേൽക്കൂരകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന്, സ്കൂളുകൾ ആസ്ബസ്റ്റോസ്, റ്റിൻ ഷീറ്റുകൾ, അലുമിനിയം ഷീറ്റുകൾ എന്നിവയാൽ നിർമ്മിതമല്ലെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമേ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നല്കുകയുണ്ടായി. പിന്നീട്, സംസ്ഥാനത്തെ സ്കൂളുകൾ നവംബർ ഒന്ന് മുതൽ തുറക്കുന്ന സാഹചര്യം പരിഗണിച്ച്, ആസ്ബസ്റ്റോസ്, റ്റിൻ ഷീറ്റുകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരകളുള്ള സ്കൂളുകളിൽ അവ മാറ്റി പുതിയ സംവിധാനത്തിലേക്ക് മാറുന്നതിനും, അതുപോലെ പുതുതായി നിർമ്മിച്ചിരിക്കുന്ന ബഹു നിലകളുള്ള സ്കൂളുകൾക്ക് ഫയർ & സേഫ്റ്റി സൗകര്യം ലഭ്യമാക്കുന്നതിനും സമയം ആവശ്യമായതിനാൽ, ഈ പ്രവൃത്തികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കും എന്ന വ്യവസ്ഥയിൽ, താത്കാലിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിർദ്ദേശം നൽകി സൂചന (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ആസ്ബസ്റ്റോസ്, റ്റിൻ ഷീറ്റുകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരകളുള്ള സ്കൂളുകളിൽ അവ മാറ്റി പുതിയ സംവിധാനത്തിലേക്ക് മാറുന്നതിനും, അതുപോലെ പുതുതായി നിർമിച്ചിരിക്കുന്ന ബഹുനിലകളുള്ള സ്കൂളുകൾക്ക് ഫയർ & സേഫ്റ്റി സൗകര്യം ലഭ്യമാക്കുന്നതിനും സമയം ആവശ്യമുണ്ട് എന്ന് സർക്കാർ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 2022 മെയ് 31 വരെ സമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്കർ

അണ്ടർ സെക്രട്ടറി

പകർപ്പ്:

1) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.